ഉത്തരം

(എ) മാനേജർ ഗ്രേഡ്-2 തസ്തികയിൽ നിലവിൽ ഒഴിവുകളൊന്നും തന്നെയില്ല.

(ബി) ടൂറിസം വകുപ്പിൽ മാനേജർ ഗ്രേഡ്-2 തസ്തികയിലേക്ക് നേരിട്ടുള്ള നിയമനം ഇല്ല.

മണ്ഡല മകരവിളക്ക് കാലത്ത് ശബരിമല ദർശനം നടത്തിയ അയ്യപ്പഭക്തരുടെ എണ്ണം

87(1568) ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ മണ്ഡല മകരവിളക്ക് കാലയളവിൽ എത്ര അയ്യപ്പഭക്തർ ശബരിമല ദർശനത്തിന് എത്തിയെന്ന് അറിയിക്കാമോ;

(ബി) ഇതിൽ കേരളത്തിന് പുറത്തും വിദേശത്തുനിന്നും എത്ര പേർ ദർശനത്തിന് എത്തിയെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 3 കോടിയിൽപ്പരം അയ്യപ്പഭക്തർ ശബരിമല ദർശനത്തിന് എത്തിയിട്ടുണ്ടാകാമെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. കൃത്യമായ കണക്ക് രേഖപ്പെടുത്താറില്ല.

(ബി) ഇപ്രകാരം വേർതിരിച്ചുള്ള കണക്ക് ലഭ്യമല്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ആക്ട് ഏകീകരണം

88(1569) ശ്രീ. എ. സി. ഷൺമുഖദാസ്:

ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ദേവസ്വം വക ക്ഷേത്രങ്ങളിലെ ഭരണം ഒരു ആക്ടിന്റെ പരിധിയ്ക്കുള്ളിൽ വരുത്തുന്നതിലുള്ള കാലതാമസംമൂലം ക്ഷേത്രങ്ങളുടെ ഭരണപരമായ കാര്യങ്ങളിലുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിശോധിക്കാൻ ഇന്നു നിലവിലുള്ള സംവിധാനം എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഭരണപരമായ കാലതാമസം വരുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1951-ലെ മദ്രാസ് ഹിന്ദുമത ധർമ്മസ്ഥാപന നിയമ പ്രകാരമാണ് മലബാർ ദേവസ്വം വക ക്ഷേത്രങ്ങളുടെ ഭരണം നടത്തിവരുന്നത്. ഈ നിയമപ്രകാരമുള്ള ഹിന്ദുമത ധർമ്മ സ്ഥാപന (ഭരണ) വകുപ്പ് മുഖാന്തിരമാണ് ഇപ്പോൾ ഭരണ മേൽനോട്ടം നടത്തിവരുന്നത്.

എച്ച്.ആർ. ആന്റ് സി.ഇ. മുഖേന സാമ്പത്തിക സഹായം ലഭിച്ച കണ്ണൂർ ജില്ലയിലെ ക്ഷേത്രങ്ങൾ

89(1571) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.ആർ. ആന്റ് സി.ഇ. വകുപ്പ് മുഖേന കണ്ണൂർ ജില്ലിയിലെ എത്ര ക്ഷേത്രങ്ങൾക്ക് കഴിഞ്ഞ വർഷം സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട് എന്നറിയിക്കാമോ;

(ബി) ഏതെല്ലാം ക്ഷേത്രങ്ങൾക്ക് എത്ര തുക വീതം നൽകി എന്ന് അറിയിക്കാമോ?

ഉത്തരം

(എ, ബി) എഴുപത്തിയൊന്ന് ക്ഷേത്രങ്ങൾക്ക് ജീർണ്ണോദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള ഗ്രാന്റായും അൻപത്തിയൊമ്പത് ക്ഷേത്രങ്ങൾക്ക് ശമ്പള കുടിശ്ശികയിനത്തിലും കഴിഞ്ഞ വർഷം ധനസഹായം അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി (അനുബന്ധം 1-ഉം 2-ഉം) ഇതോടൊപ്പം വച്ചിട്ടുണ്ട്.†

ആരാധന സംബന്ധമായ ആവശ്യങ്ങൾക്ക് വേണ്ടിവരുന്ന പുഷ്പങ്ങൾ

90(1572) ശ്രീ. ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ, കൊച്ചി ദേവസ്വം ബോർഡ് ക്ഷേത്രം, ഗുരുവായൂർ ക്ഷേത്രം എന്നിവിടങ്ങളിൽ പ്രതിമാസം എത്ര രൂപയുടെ പുഷ്പങ്ങൾ ആരാധന സംബന്ധമായ ആവശ്യങ്ങൾക്ക് വേണ്ടിവരുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്ന് പുഷ്പങ്ങൾ ഈ ആവശ്യത്തിന് വേണ്ടിവരാറുണ്ടോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly